(ഡി) അപേക്ഷാ ഫാറങ്ങൾ, സർക്കാർ പ്രസ് വഴി ഒന്നായി അച്ചടിക്കാൻ കഴിയാതെ വന്നതിനാൽ, പ്രാദേശിക തലത്തിൽ അച്ചടിക്കേണ്ടി വന്നപ്പോൾ ആദ്യം കുറച്ചു ദിവസം അപേക്ഷാഫാറത്തിന് ദൗർലഭ്യം അനുഭവപ്പെടുകയുണ്ടായി. എന്നാൽ ഇപ്പോൾ അത്തരം സാഹചര്യം നിലവിലില്ല. ജീവനക്കാരുടെ സഹകരണക്കുറവ് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. അത്തരത്തിലുള്ള പരാതികൾ ഉണ്ടായാൽ അടിയന്തിര നടപടികൾ സ്വീകരിക്കുന്നതാണ്.

(ഇ) റവന്യൂ കാർഡിനുള്ള അപേക്ഷകളിൽമേൽ വില്ലേജോഫീസർ മറ്റപേക്ഷകളിൻമേൽ നടത്തുന്ന തരത്തിലുള്ള അന്വേഷണം നടത്തേണ്ടതുണ്ട്. അപ്രകാരം അന്വേഷണം നടത്തുമ്പോൾ ചിലപ്പോൾ വീടുകളിൽ പോയും അന്വേഷണം നടത്തുന്നതാണ്. അപേക്ഷകളിൽമേൽ വിശദമായ അന്വേഷണം നടത്തി, വിശദ വിവരങ്ങൾ ഉൾപ്പെടുത്തി റവന്യൂ കാർഡ് തയ്യാറാക്കി അതാതു വില്ലേജോഫീസുകൾ വഴി വിതരണം ചെയ്യും.

8 (*128) "ദുരിതാശ്വാസ നിധിയിലേയ്ക്കുള്ള കേന്ദ്ര സഹായം

ശ്രീ. സി.എഫ്. തോമസ് :
ശ്രീ. മാമ്മൻ മത്തായി :
ശ്രീ. കെ. നാരായണക്കുറുപ്പ് :
ശ്രീ. തോമസ് ചാഴികാടൻ :
ശ്രീ. കെ.എം. മാണി : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഈ വർഷമുണ്ടായ പ്രകൃതിക്ഷോഭത്തിലും വെള്ളപ്പൊക്കത്തിലും എന്തെല്ലാം നാശനഷ്ടങ്ങൾ സംഭവിച്ചിട്ടുണ്ടെന്നും എത്രപേർക്ക് ജീവഹാനി ഉണ്ടായിട്ടുണ്ടെന്നും വ്യക്തമാക്കുമോ;

(ബി) പ്രകൃതിക്ഷോഭത്താൽ വീട് നഷ്ടപ്പെട്ടിട്ടുള്ളവർക്ക് പുതിയ വീട് നിർമ്മിക്കുന്നതിനോ അറ്റകുറ്റപ്പണികൾക്കായോ സാമ്പത്തിക സഹായം നൽകിയിട്ടുണ്ടോ;

(സി) സംസ്ഥാനത്ത് പ്രകൃതിക്ഷോഭംമൂലം എന്ത് തുകയുടെ നാശനഷ്ടങ്ങൾ ഉണ്ടായിട്ടുണ്ട്;

(ഡി) സംസ്ഥാനത്ത് കാലവർഷക്കെടുതികൾ നേരിടുന്നതിന് സർക്കാർ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചു വരുന്നതെന്ന് വ്യക്തമാക്കുമോ;

(ഇ) കാലവർഷക്കെടുതികൾമൂലം ഓരോ ജില്ലയിലും എന്തൊക്കെ നാശനഷ്ടങ്ങൾ ഉണ്ടായിട്ടുണ്ടെന്ന് വിശദമാക്കുമോ;

(എഫ്) കേന്ദ്ര സർക്കാരിൽനിന്നും ദുരിതാശ്വാസനിധിയിലേക്ക് എന്തെങ്കിലും തുക അനുവദിച്ചിട്ടുണ്ടോ;

(ജി) ഇല്ലെങ്കിൽ ഇത് ലഭ്യമാക്കുന്നതിലേയ്ക്കായി സർക്കാർ എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

റവന്യൂ വകുപ്പുമന്ത്രി (ശ്രീ. കെ.ഇ. ഇസ്മയിൽ) :

(എ) 11-1-2000-ൽ ആരംഭിച്ച് 31-5-2000-ൽ അവസാനിച്ച വേനൽമഴക്കാലത്ത് ഉണ്ടായ പ്രകൃതിക്ഷോഭംമൂലം 36 പേർക്ക് ജീവഹാനി സംഭവിച്ചു. 23 വീടുകൾ പൂർണ്ണമായും 469 വീടുകൾ ഭാഗികമായും തകർന്നു. കാർഷിക

LIBRARY ARCHIVES Kerala Legislative Assembly

മേഖലയിലുണ്ടായ നഷ്ടം 250.049 ലക്ഷം രൂപയുടേതാണെന്ന് കണക്കാക്കുന്നു. 1-6-2000-ൽ ആരംഭിച്ച് ഇപ്പോഴും തുടരുന്ന തെക്കുപടിഞ്ഞാറൻ കാലവർഷംമൂലം ഇതേവരെ 31 പേർക്ക് ജീവഹാനി സംഭവിച്ചു. 515 വീടുകൾ പൂർണ്ണമായും 4164 വീടുകൾ ഭാഗികമായും തകർന്നു. 10987 കുടുംബങ്ങളെ ദുരിതാശ്വാസ കേന്ദ്രങ്ങളിലേയ്ക്ക് മാറ്റിപ്പാർപ്പിക്കേണ്ടി വന്നു. പ്രാഥമിക റിപ്പോർട്ടുകൾ പ്രകാരം കാർഷിക മേഖലയിലുണ്ടായ നഷ്ടം 13.932 കോടി രൂപയുടേതാണെന്ന് കണക്കാക്കുന്നു. കടലാക്രമണംമൂലം തീരപ്രദേശങ്ങളിലും നാശനഷ്ടങ്ങളുണ്ടായിട്ടുണ്ട്.

(ബി) നടപടി പൂർത്തിയായ കേസ്സുകളിൽ പൂർണ്ണമായി നശിച്ച വീട് പുനർനിർമ്മിക്കുന്നതിന് നൽകുന്ന 15,000/-രൂപയിൽ ആദ്യ ഗഡുവായ 5,000/-രൂപയും, ഭാഗികനാശം സംഭവിച്ചതിനു നൽകുന്ന തുകയും (പരമാവധി 5000/- രൂപ) നൽകിയിട്ടുണ്ട്.

(സി) ഈ വർഷം പ്രകൃതിക്ഷോഭംമൂലം വീടുകൾ തകർന്നതുമൂലമുള്ള നഷ്ടം 342.38 ലക്ഷം രൂപയുടേതാണ്. കാർഷിക മേഖലയിൽ ഉണ്ടായിട്ടുള്ള യഥാർത്ഥ നഷ്ടം കൃഷിവകുപ്പ് തിട്ടപ്പെടുത്തി വരുന്നതേയുള്ളൂ. കടലാക്രമണം മൂലം ഉണ്ടായിട്ടുള്ള നഷ്ടവും തിട്ടപ്പെടുത്തിവരുന്നു.

(ഡി) പ്രകൃതിക്ഷോഭമുണ്ടാകാനിടയുള്ള പ്രദേശങ്ങൾ കണ്ടെത്തുന്നതിനും മുൻകരുതൽ നടപടികളുടെ ഭാഗമായി ദുരിതാശ്വാസ പ്രവർത്തനം ആരംഭിക്കാനും പ്രവർത്തനോൻമുഖമായി സജ്ജീകരിക്കുവാനും വേണ്ടത്ര ഭക്ഷ്യസാധനങ്ങൾ റേഷൻകടകളിൽ സ്റ്റോക്ക് ചെയ്തിട്ടുണ്ടെന്ന് ഉറപ്പു വരുത്തുവാനും ജില്ലാ കളക്ടർമാർക്ക് നിർദ്ദേശങ്ങൾ നല്കിയിട്ടുണ്ട്. ദുരിതബാധിതരെ പുനരധിവസിപ്പിക്കേണ്ടി വന്നാൽ ദുരിതാശ്വാസ കേന്ദ്രങ്ങളിലേയ്ക്ക് മാറ്റിപ്പാർപ്പിക്കുവാനും അവർക്ക് ആഹാരം, വസ്ത്രം, വൈദ്യസഹായം തുടങ്ങിയവ നൽകുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ട്. പ്രകൃതിക്ഷോഭംമൂലം ദുരിതമനുഭവിക്കുന്ന അർഹമായ കുടുംബങ്ങൾക്ക് ഒരാഴ്ചത്തെ സൗജന്യറേഷൻ നൽകേണ്ട ആവശ്യം വരുമ്പോൾ അത് നൽകുവാനും നിർദ്ദേശിച്ചിട്ടുണ്ട്. മണ്ണിടിച്ചിൽ, ഉരുൾപൊട്ടൽ തുടങ്ങിയവമൂലം ഗതാഗത തടസം സംഭവിച്ചാൽ അത് പുനഃസ്ഥാപിക്കുംവരെ പകരം സംവിധാനം കണ്ടെത്തുന്നതിന് നിർദ്ദേശിച്ചിട്ടുണ്ട്. സംസ്ഥാന തലത്തിലും സുസജ്ജമായ ജില്ലാ തലത്തിലും കൺട്രോൾ റൂമുകൾ തുറന്നു പ്രവർത്തിച്ചുവരുന്നു.

(ഇ) പൂർണ്ണമായും നാശനഷ്ടകണക്കുകൾ തിട്ടപ്പെടുത്തിയിട്ടില്ല. പ്രാഥമിക റിപ്പോർട്ടുകൾ പ്രകാരമുള്ള ജില്ലതിരിച്ചുള്ള നാശനഷ്ടക്കണക്ക് അനുബന്ധമായി † വച്ചിരിക്കുന്നു.

(എഫ്) അനുവദിച്ചിട്ടില്ല.

(ജി) 10-ാം ധനകാര്യ കമ്മീഷന്റെ ശുപാർശ പ്രകാരമുള്ള ദുരിതാശ്വാസ നിധിയുടെ കാലാവധി 1999-2000 സാമ്പത്തികവർഷം വരെയായിരുന്നു. 11-ാം ധനകാര്യകമ്മീഷന്റെ ശുപാർശ പ്രകാരമുള്ള 2000-2001 വർഷത്തെ കേന്ദ്ര ധനസഹായം എത്രയാണെന്ന് അറിവായിട്ടില്ല. 1999-2000 വർഷത്തേയ്ക്കുള്ള ദുരിതാശ്വാസ നിധിയുടെ 25%തുക 2000 ജൂൺ മാസം വരെ ചെലവാക്കാൻ വ്യവസ്ഥയുള്ളതിനാൽ അത്രയും തുകയാണ് ദുരിതാശ്വാസപ്രവർത്തനങ്ങൾക്കായി ഇപ്പോൾ ചെലവഴിച്ചു വരുന്നത്.

---

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly